ചാക്യാർ സമുദായത്തിലെ ജനസംഖ്യ

29 [33] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ചാക്യാർ സമുദായത്തിലെ ജനസംഖ്യ എത്രയാണ്?

ഉത്തരം

സെൻസസ്സിൽ ജാതി തിരിച്ചുള്ള കണക്കെടുപ്പ് നടത്താത്തതു കാരണം സംസ്ഥാനത്ത് ചാക്യാർ സമുദായത്തിലെ ജനസംഖ്യ എത്രയെന്ന് പറയുവാൻ നിവർത്തിയില്ല.

സ്പെഷ്യൽ കംപോണന്റ് പ്ലാനിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്കു വേണ്ടി ചെലവഴിച്ച തുക

30 [34] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ കംപോണന്റ് പ്ലാനിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾക്ക് പട്ടികജാതിക്കാർക്കുവേണ്ടി നടപ്പാക്കുന്നതിന് 1985-83 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ആകെ എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ട്;

(ബി) പട്ടികവർഗ്ഗക്കാർക്കുവേണ്ടി എത്ര സംഖ്യ ഇങ്ങനെ ചെലവഴിച്ചിട്ടുണ്ട്;

(സി) ഓരോ വിഭാഗക്കാർക്കുവേണ്ടി ഓരോ ജില്ലയിലും എത്ര സംഖ്യ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്ത...

(എ) 3174.85 ലക്ഷം രൂപ

(ബി) 727.39 ലക്ഷം രൂപ

(സി) ഈ വിവരങ്ങൾ ഇതോടനുബന്ധമായി ചേർത്തിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും നടപ്പാക്കിയിട്ടുള്ള കർമ്മ പദ്ധതികൾ

31 [35] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജന ഗിരിജന വർഷം പ്രമാണിച്ച് പട്ടികജാതി വികസന വകുപ്പും പട്ടിക വർഗ്ഗ വികസന വകുപ്പും നടപ്പാക്കിയിട്ടുള്ള കർമ്മ പദ്ധതികൾ എന്തെല്ലാമാണെന്ന് പ്രത്യേകം വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഫലമായി ഓരോ വിഭാഗത്തിലും പെട്ട എത്ര പേർക്ക് പ്രയോജനം ഉണ്ടായിട്ടുണ്ട്?

അനുബന്ധം X

LIBRARY ARCHIVES Kerala Legislative Assembly